ആബിദ് കോലിക്കര

# തൈകൾ നട്ട് പിറന്നാളാഘോഷം



ബർത്ത് ഡേകൾ എല്ലാവർക്കും ആഘോഷങ്ങളാണല്ലോ. കേക്കുകൾ മുറിച്ചും മിഠായി കൊടുത്തും പിറന്നാൾ സമ്മാനങ്ങൾ നൽകിയുമൊക്കെയാണ് അധികപേരും ആഘോഷിക്കാറ്. കാവ്യ ഷാ എന്ന ഹൈദരാബാദിലെ കൂട്ടുകാരി എങ്ങനെയാണ് സ്വന്തം പിറന്നാൾ ആഘോഷിച്ചത് എന്നറിയണ്ടേ.. തനിക്ക് പതിനഞ്ച് വയസ്സ് തികഞ്ഞ അന്ന് 150 തൈകൾ നട്ടാണ് അവൾ പിറന്നാൾ കൊണ്ടാടിയത്.

സോനം വാങ് ചുക്ക് എന്ന വിദ്യാഭ്യാസ പ്രവർത്തകനും ശാസ്ത്രജ്ഞനുമായ വ്യക്തിയുടെ I live simply (ഐ. എൽ. എസ്) എന്ന പദ്ധതിയാണ് കാവ്യയെ സ്വാധീനിച്ചത്. ജീവിത രീതിയിൽ വരുത്തുന്ന ചെറിയ ചെറിയ മാറ്റങ്ങൾക്കൊത്ത് എങ്ങനെ പ്രകൃതിയെ സംരക്ഷിക്കാം എന്നാണ് ഐ.എൽ.എസ് കൊണ്ട് വാങ്ചുക്ക് ലക്ഷ്യംവെക്കുന്നത്. അതിൽ നിന്ന് ഊർജം ഉൾക്കൊണ്ടാണ് പിറന്നാളിന് തന്റെ വയസ്സിന്റെ പത്ത് മടങ്ങ് എണ്ണം മരത്തൈകൾ വെച്ച് പിടിപ്പിക്കാം എന്ന് കാവ്യ തീരുമാനിച്ചത്. ഈ പിറന്നാളിന് മാത്രമല്ല എല്ലാ പിറന്നാളിനും തുടരണമെന്ന് കാവ്യ പ്രതിജ്ഞയെടുത്തിട്ടുണ്ട്.



150 പേരത്തൈകളാണ് കാവ്യ ഇത്തവണ വാങ്ങിയത്. 25 എണ്ണം പാർക്കിലും സ്കൂളിലും പൊതു സ്ഥലത്തുമൊക്കെയായി നട്ടു. ബാക്കി പാർട്ടിക്ക് വന്ന സുഹൃത്തുക്കൾക്കും കുടുംബക്കാർക്കുമെല്ലാം സമ്മാനിച്ചു.


കാവ്യ ഷാ

കുട്ടികളാണ് നാളെയുടെ സൈന്യമെന്നും അവരുടെ ഭാവി എങ്ങനെയായിരിക്കണമെന്ന് അവരുടെ പ്രവൃത്തികളിലൂടെ തീരുമാനിക്കേണ്ടത് അവർ തന്നെയാണെന്നുമുള്ള വാങ്ചുക്കിന്റെ വാക്കുകളൊക്കെ വലിയ സ്വാധീനമാണ് കാവ്യയിലുണ്ടാക്കിയത്.

കൂട്ടുകാരേ, ലോകം മുഴുവൻ മാറ്റാനൊന്നും നമുക്ക് കഴിഞ്ഞുവെന്ന് വരില്ല, എങ്കിലും നമ്മളെക്കൊണ്ടാവുന്നതെന്തോ അത് നമുക്ക് ചെയ്യാം അല്ലേ..

JS JAYESH

കേരളത്തിലെ ആദ്യ വനിതാ മന്ത്രി– കെ.ആർ ഗൗരിയമ്മ